**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**പി. എം. ജി. എസ്. വൈ. പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2659 — 09-05-2017-ൽ മറുപടിക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എ.എം. ആരിഫ്** | | **ഡോ. കെ.ടി. ജലീൽ** (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) |
| (എ) | പി. എം. ജി. എസ്. വൈ പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് ടെണ്ടർ നടപടി വരെയായിട്ടും മുടങ്ങി കിടക്കുന്നത്; ഏതെല്ലാം റോഡുകൾ പുനരുദ്ധാരണത്തിനായി പരിഗണനയിലുണ്ട്; | (എ) യും (ബി) യും | പി. എം. ജി. എസ്. വൈ പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ ഫേസ്-5-ൽ ഏറ്റെടുത്ത കെ.ആർ 01-11 (സി), പള്ളിത്തോട് ബീച്ച്-ചേറുങ്കൽ റോഡിന്റെ കരാറുകാരൻ മരിച്ചതുമൂലം പ്രവൃത്തി അവസാനിപ്പിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തിക്ക് 2013-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം പുതുക്കിയ അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. നിർമ്മാണം പൂർത്തീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുന്നതാണ്.<br>പി. എം. ജി. എസ്. വൈ 2-ൽ ഒന്നാം ബാച്ചായി അനുമതി ലഭിച്ച, സെന്റ് മാർട്ടിൻ നരിയാണ്ടി ജംഗ്ഷൻ റോഡ് വർക്കിന് രണ്ട് പ്രാവശ്യം ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല. പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ ചില സ്ഥലങ്ങളിൽ കരാറുകാർ വിമുഖത കാണിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ട്.<br>നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും, റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ മണ്ണിന്റെ മാർക്കറ്റ് റേറ്റും ഷെഡ്യൂൾ റേറ്റും തമ്മിലുള്ള അന്തരവുമാണ് കരാറുകാൽ വിമുഖത കാണിക്കുന്നതിനുള്ള പ്രധാന കാരണം. |
| (ബി) | ഇവയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; സംസ്ഥാനത്താകെ പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങളിലെ ടെണ്ടർ നടപടികളിൽ കരാറുകാർ പൊതുവേ വിമുഖത കാണിക്കുന്നത് എന്ത് കൊണ്ടാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ; | | |
| (സി) | ഗ്രാവലിന് മാർക്കറ്റ് റേറ്റ് നൽകാത്തതും, കൺവേയൻസ് ടണ്ണിന് പെർ കിലോ മീറ്ററിന് നേരത്തേ 4.65 കിട്ടിയത് ഇപ്പോൾ 2.62 എന്ന നിലയിൽ പരിമിതപ്പെടുത്തിയതും, ഗ്രാനുലൈസ്ഡ് സബ് ബേസ് (GSB) യിൽ 2500 രൂപ കിട്ടുന്നിടത്ത് 1600 രൂപ മാത്രമായി പരിമിതപ്പെടുത്തിയതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | പി.എം.ജി.എസ്.വൈ-യിൽ സാധന സാമഗ്രികളുടെ നിരക്ക് കണക്കാക്കിയിട്ടുള്ളത് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ കണക്ക് പ്രകാരവും യന്ത്രസാമഗ്രികളുടെ നിരക്ക് തയ്യാറാക്കിയിട്ടുള്ളത് 2012-ലെ പി.ഡബ്ല്യൂ.ഡി ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരവുമാണ്. ചിലയിനങ്ങൾക്ക് 2012-ലെ പി.ഡബ്ല്യൂ.ഡി ഷെഡ്യൂൾ നിരക്കുകൾ 2010-ലെ നിരക്കിനേക്കാൾ കുറവാണ് എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഗ്രാനുലാർ സബ് ബേസിന്റെ നിരക്കുകളിൽ കുറവ് വന്നിട്ടില്ല. |
| (ഡി) | ഇവ രണ്ടും പ്രായോഗികമായി ക്രമീകരിച്ച് കേന്ദ്ര വിഹിതം കഴിച്ചുള്ള തുക സംസ്ഥാനം വഹിച്ചും പി.എം.ജി. എസ്.വൈ. റോഡുകൾ സമയബന്ധിതമായി പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**